(ഡി) ഇപ്പോൾ ഗവൺമെണ്ടു സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാരിൽ ഏറ്റവും അധികം ടെസ്റ്റുകൾ പാസ്സായിട്ടുള്ളവർ ആരെല്ലാമെന്നും അവർ ഓരോരുത്തരും ഏതെല്ലാം ടെസ്റ്റുകൾ ഏതെല്ലാം ക്ലാസ്സുകളിലാണു പാസ്സായിട്ടുള്ളതെന്നും പറയാമോ;

(ഇ) കഴിഞ്ഞ ടെസ്റ്റു പരീക്ഷകളുടെ ചോദ്യക്കടലാസ്സുകൾ ഉണ്ടാക്കിയവരിൽ ചിലർ ഉപവകുപ്പിന്റെ മറപടിയിൽ പുറയുന്നവരിൽ ആരെങ്കിലും ഉണ്ടായിരുന്നുവോ; ഉണ്ടായിരുന്നെങ്കിൽ അവർ ആരെല്ലാമായിരുന്നു?

മിസ്റ്റർ പി. വി. റാഫേൽ:

(എ) സർക്കാരിൽനിന്നും നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ. വില്ലേജ് കോട്ട് പരീക്ഷക്കു ബാർ കൌൺസിൽ ആണു ചോദ്യക്കടലാസ്സു ഉണ്ടാക്കുന്നതു്.

(ബി) ഡിവാൻ (Vide S. O. 277.)

(സി) അറിവും പരിചയവും.

(ഡി) ഇ ഠ ക. യിൽ മീതെയുള്ളവരുടെ വിവരം സിവിൽ ലിസ്റ്റുകളിൽ ചേത്തിട്ടുണ്ടു്.

(ഇ) എല്ലാവരും വേണ്ടതായിട്ടുള്ള അറിവും പരിചയവും ഉള്ളവരായിരുന്നു. പരീക്ഷകരുടെ പേരു പ്രസിദ്ധീകരിക്കുന്നതു് പൊതു താല്പര്യങ്ങൾക്കു് യോജിച്ചതല്ല.

NELLIAMPATHI HILLS—VEGETABLE CULTIVATION

234. മിസ്റ്റർ കെ. എസ്സ്. പണിക്കർ: (എ) നെല്ലിയാമ്പതി മലയിൽ ഗവൺമെണ്ടിൽ നിന്നു ഇടങ്ങിട്ടുള്ള പച്ചക്കറിത്തോട്ട സംരക്ഷണാവശ്യത്തിലേക്കും മറ്റുമായി പണിയിച്ചു കെട്ടിടങ്ങൾക്കു ക ക ഠ മിഥുനം ന ഠ-ാംതീയതിവരെ ആകെ എത്ര ഉറപ്പിക ചിലവായിട്ടുണ്ടു്;

(ബി) പ്രസ്തുത കെട്ടിടങ്ങൾ പണിയിച്ചതു കരാറു പ്രകാരമൊ ഗവൺമെണ്ടിൽനിന്നു ഡിപ്പാർട്ടുമെണ്ടു് വഴിയായിട്ടൊ;

(സി) കരാറുപ്രകാരമായിരുന്നെങ്കിൽ കരാറുകാർ ആരെല്ലാമായിരുന്നു; കരാർ നിശ്ചയങ്ങൾ എന്തെല്ലാം;

(ഡി) ഈ പണികളുടെ സൂപ്പർവിഷ്യൻ ആരെല്ലാമായിരുന്നു;

(ഇ) ഈ പണികൾ ചെക്കുമെഷർ ചെയ്തതു് ആരാണു്;

(എഫ്) ഈ പണികൾക്കു വേണ്ട സാമാനങ്ങൾ (materials) കൊടുക്കുവാൻ പ്രത്യേകം വല്ല കരാറുകാരും ഉണ്ടായിരുന്നുവോ; ഉണ്ടായിരുന്നുവെങ്കിൽ ആരെല്ലാം;

(ജി) പ്രസ്തുത തോട്ടത്തിലെ ഏതെങ്കിലും പണികൾ ടെണ്ടർ പ്രകാരം നടത്തിയിട്ടുണ്ടോ; ഗസറ്റിൽ ടെണ്ടർ പരസ്യം ചെയ്തിരുന്നുവോ;

(എച്ച്) ഈ പണികൾ എല്ലാം ഏല്പിച്ചതും നടത്തിച്ചതും ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ മന്ത്രിയായിരുന്ന മിസ്റ്റർ ടി. കെ. നായരുടെ പ്രത്യേക മേൽനോട്ടത്തിലായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ക. ൻ ഒ, ർ ൻ ൻ— ക ന— ഠ.

(ബി) ഡിപ്പാർട്ടുമെണ്ടു വഴിയായിട്ടു്.

(സി) മൻ ഉത്തരം നോക്കുക.

(ഡി) സ്പെഷ്യൽ ഓവർസീയരും പഞ്ചായത്തു അസിസ്റ്റാണ്ടു് എഞ്ചിനീയരും.

(ഇ) ചെക്കുമെഷർ ചെയ്ത കഴിഞ്ഞിട്ടില്ല.

(എഫ്) ഇല്ല.

(ജി) കെട്ടിടങ്ങളുടെ പണികളെ സംബന്ധിച്ചു ഓരോ ജാതി പണികളും അവിടങ്ങളിലെ പണിക്കാരെകൊണ്ടു ചില ചില്ലറ കരാറുകൾ അനുസരിച്ചു ഏല്പിച്ചിട്ടുണ്ടു്. "കൊട്ടേഷൻ" (Quotation) വാങ്ങിച്ചു ഏറ്റവും ചുരുങ്ങിയ നിരക്കിലാണു് ആ വക പണികൾ ഏല്പിച്ചിട്ടുള്ളതു്. ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടില്ല.

(എച്ച്) അല്ല.

L. C. PROCEEDINGS—PRINTING OF

235. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(a) have the Proceedings of the Legislative Council in 1120 been all published;

LIBRARY ARCHIVES Kerala Legislative Assembly